# AMRITA VIDYALAYAM

## AMRITA PRE BOARD EXAMINATION 1 - 2017 - '18

**Class : X** | **Marks : 80**
**Time : 3 hrs**

# മലയാളം

| | |
|---|---|
| This question paper is divided into four sections. | |
| Section A : Reading comprehension | - 10 marks |
| Section B : Writing | - 16 marks |
| Section C : Grammar | - 17 marks |
| Section D : Literature | - 37 marks |

## എ. വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ഉണ്ണായിവാര്യർ കഥകളിയെ നാടകത്തിന്റെ സീമകളിലേക്കുയർത്തുവാനാണ് ശ്രമിച്ചത്. ആദിമദ്ധ്യാന്തരങ്ങളോടുകൂടിയ ലക്ഷണയുക്തമായ ഇതിവൃത്തം, വൈവിധ്യമുള്ള കഥാപാത്രങ്ങൾ, സ്ഥായിയായ ഒരു രസം, അതിനെ യഥോചിതം പോഷിപ്പിക്കുന്ന ഇതരപോഷകരസങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു ഇതിവൃത്തം അദ്ദേഹം തെരഞ്ഞെടുത്തു. നളചരിതത്തിലെ നായികാനായകന്മാരുടെ വിശിഷ്ടഗുണസമ്പൂർണ്ണപ്രഭാവം തന്നെ ആ കഥയ്ക്ക് ഭൂഷണമായി ഭവിച്ചു. വാര്യർ കേവലമൊരു ആട്ടക്കഥാകൃത്ത് മാത്രമായിരുന്നില്ല. അനുഗ്രഹീത സിദ്ധികളോടുകൂടിയ ഒരു മഹാകവിയായിരുന്നു. ലക്ഷണയുക്തമായ ഒരു ആട്ടക്കഥ എന്നതിന് പുറമേ രമണീയാർത്ഥ പ്രതിപാതകമായ ഒരു ശ്രവ്യകാവ്യമായും സഹൃദയർ നളചരിതത്തെ ബഹുമാനിക്കുന്നു. ഷേക്സ്പിയറുടെ സമുന്നതമായ കലാബോധവും ജീവിത നിരീക്ഷണപാടവത്തെയും, ശ്രീഹർഷന്റെ വൈദുഷ്യപ്രഭാവത്തെയും, കാളിദാസന്റെ പ്രകൃതി മർമ്മജ്ഞതയെയും ഒന്നുപോലെ അനുസ്മരിപ്പിക്കുന്ന പല സിദ്ധിവിശേഷങ്ങളും വാര്യരിൽ കളിയാടുന്നു. കാവ്യപരവും നാടകപരവും ആയ ആ കൃതിയുടെ ശ്രേഷ്ഠത പരിഗണിച്ച് ചില പണ്ഡിതന്മാർ കേരളത്തിന്റെ ശാകുന്തളം എന്നാണ് പ്രസ്തുത കൃതിയെ വിശേഷിപ്പിച്ചത്.

**ചോദ്യങ്ങൾ.** **10**

1. നാടകത്തിന്റെ നിലവാരം പുലർത്തുന്ന ആട്ടക്കഥ ഏത് ? രചിച്ചത് ആര്?
2. വാര്യർ സാഹിത്യരചനക്കു തിരഞ്ഞെടുത്ത ഇതിവൃത്തത്തിന്റെ പ്രത്യേകത എന്താണ്?
3. നളചരിതം ആട്ടക്കഥക്കു സഹൃദയലോകത്തിലുള്ള സ്ഥാനം എന്ത്?
4. ഉണ്ണായിവാര്യർക്ക്, കവി എന്ന നിലയിലും കലാകാരൻ എന്ന നിലയിലുമുള്ള പ്രത്യേകതകൾ എന്തായിരുന്നു?
5. നളചരിതം ആട്ടക്കഥയെ കേരളത്തിന്റെ ശാകുന്തളം എന്നു വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനം എന്ത്?

## ബി. വിഭാഗം

**II.a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

1. പരസ്യങ്ങളും യുവതലമുറയും.
2. നഗരവല്ക്കരണം ഉയർത്തുന്ന ഭീഷണികൾ.

3. നവ മാധ്യമ സംസ്കാരം.

**b)** നിങ്ങളുടെ നാട്ടിലുള്ള ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. **8**

## സി. വിഭാഗം

**III.a) പ്രയോഗം മാറ്റുക.** **2**

1. അമ്മ കൊച്ചുച്ചക്കരച്ചിയിലെ മാങ്ങകൾ വിൽക്കാൻ ശ്രമിച്ചു.
2. യുധിഷ്ഠിരൻ അർജ്ജുനനെ അശ്വരക്ഷിതാവാക്കി.

**b) അംഗവാക്യം – അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.** **2**

1. ധനുമാസത്തിലെ യാദൃച്ഛികമായി കടന്നുവന്ന കാറ്റിലും മഴയിലും കൊച്ചുച്ചക്കരച്ചി തകർന്നു വീണു.
2. ലിംബാളെ ക്ലാസ്സിലെത്തിയപ്പോൾ ക്ലാസ്സ് ടീച്ചർ ക്ലാസ്സ് തുടങ്ങിയിരുന്നു.

**c) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

1. ഓടിയടുക്കുക.  2. ഉൽക്കടമായ

**d) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.** **2**

1. മന്ത്രതന്ത്രങ്ങൾ  2. ദാരിദ്രമാതാവ്

**e) പര്യായപദങ്ങൾ എഴുതുക.** **2**

1. കുതിര  2. ഇരുട്ട്

**f) നാനാർത്ഥം എഴുതുക.** **2**

1. അങ്കം  2. പ്രകൃതി

**g) തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2**

1. ജീവിതത്തിൽ ഏറ്റവും വിഷമമേറിയ ഒരു സന്ദർഭമാണ് ലിംബാളെ തരണം.
2. തന്റെ മാതാവിന്റെ വാക്കുകൾ അനുസ്മരിച്ച് പശ്ചാത്തപിക്കുകയായിരിക്കും എന്നു കരുതി ഞാൻ ഊഹിച്ചു.

**IV. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

**a) വിപരീതപദം എടുത്തെഴുതുക.** **1**

1. ഭീരു (ധീരു, ധീര, ധീരൻ)
2. വൃദ്ധി (ക്ഷയം, അക്ഷയം, നിക്ഷയം)

**b) അർത്ഥവ്യത്യാസം എഴുതുക.** **1**

1. പ്രമാദം – പ്രമദം (സന്തോഷം, കാട്, തെറ്റ്, വധം)
2. സകല – സുഫല (ദുഃഖം, മുഴുവൻ, ആകാശം, വാഴ)

**c) എതിർലിംഗം എഴുതുക.** **1**

1. അനുരക്തൻ (അനുരക്തി, അനുരക്തിണി, അനുരക്ത)
2. ഏകൻ (ഏകാന്തൻ, ഏക, ഏകാകി)

## ഡി. വിഭാഗം

**V. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **5**

1. സ്വയം ബുദ്ധികെട്ട് കരിന്തിരിയാളും വരെ തന്നെ എവിടെ കൊണ്ടുപോകണം എന്നാണ് അമ്മ മകനെ ശല്യപ്പെടുത്തുന്നത്?
   (ആശുപത്രിയിൽ, ബന്ധുവീട്ടിൽ, കോവിലിൽ)
2. "ഞാൻ എനിക്ക് വേണ്ടി മരിച്ചവരുടെ ഒപ്പം എത്തുവാൻ വെമ്പുകയാണ്" – ആരുടേതാണീ വാക്കുകൾ?
   (ധൃഷ്ടദ്യുമ്നൻ, കർണൻ, ദുര്യോധനൻ)

3. മനസ്താപം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്?
(അവിദ്യ മൂലം, ക്രോധം മൂലം, മോഹം മൂലം)
4. നിസ്സഹായന്റെ നിലവിളിയായി 'കടൽത്തീരത്ത്' എന്ന കഥയുടെ അന്ത്യത്തിൽ അനുഭവപ്പെടുന്നത് എന്ത്?
(തൂക്കുകയർ, ബലിച്ചോറ്, പൊതിച്ചോറ്)
5. നളിനിയിലൂടെ ആശാൻ രൂപം കൊടുത്തത് എന്തിന്?
(ഉദാത്തമായ ഒരു പ്രേമ സങ്കല്പത്തിന്, ഭക്തിപ്രസ്ഥാനം പ്രചരിപ്പിക്കുക, ജാതീയമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുക)
6. "മണ്ണിനെ പൊന്നണിയിച്ച" സംസ്കാര ശിൽപികൾ ആര്?
(സർഗാത്മകപ്രതിഭകൾ, വിശ്വവിജയികൾ, പ്രപിതാമഹൻമാർ)
7. 'അക്കർമാശി' മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ആര്?
(ടി. ദാമോദരൻ, കാളിയത്ത് ദാമോദരൻ, ശ്രീകുമാരി)
8. മകനാൽ പരിത്യക്തയായ വൃദ്ധസ്ത്രീയോട് എസ്.കെ.പൊറ്റക്കാടിനു തോന്നിയ വികാരം എന്ത്?
(ദേഷ്യം, അവജ്ഞ, സഹതാപം)
9. 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയുടെ പ്രധാന ആശയം എന്ത്?
(മാതൃഭാഷയോടുള്ള സ്നേഹം, വിദേശ വസ്തുക്കളോടുള്ള ഭ്രമം, വിദേശ ഭാഷയോടുള്ള താല്പര്യം)
10. കവികൾക്ക് തേനൂറുന്ന കവിതകൾ രചിക്കാൻ കഴിഞ്ഞത് എന്തുകൊണ്ട്?
(നാട്ടിൻപുറത്തുകാർ ആയതുകൊണ്ട്, മാവിനോടു ഇഷ്ടമുള്ളതുകൊണ്ട്, നാട്ടിൻപുറത്തെ ഏതെങ്കിലും കൊടിയസമാജത്തിൽ അംഗങ്ങൾ ആയതുകൊണ്ട്)

## VI. ഉത്തരം എഴുതുക. 24

1. ക്രോധാവേശനായി നിൽക്കുന്ന ലക്ഷ്മണനെ ശ്രീരാമൻ ശാന്തനാക്കിയത് എങ്ങനെ?
2. മനുഷ്യന്റെ സർഗ്ഗശേഷി വിജയം നേടിയ ചരിത്ര മുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നത് എങ്ങനെ?
3. 'ഭവാനു പണ്ടിഷ്ടയാം നളിനി' – നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിനു കാരണം എന്ത്?
4. ദുര്യോധനനിൽ കാണുന്ന ആദരണീയ ഗുണങ്ങളായി കുട്ടിക്കൃഷ്ണമാരാർ ചൂണ്ടി കാട്ടുന്നത് എന്തെല്ലാം?
5. അമ്മയും കൊച്ചുച്ചക്കരച്ചിയും തമ്മിലുള്ള ബന്ധം കഥയിൽ ആവിഷ്കൃതമായിരിക്കുന്നത് എങ്ങനെ?
6. തന്റെ വാക്കുകൾക്ക് ആളുകളെ സ്വാധീനിക്കാൻ കഴിവുണ്ടെന്ന് എസ്.കെ. മനസ്സിലാക്കിയത് എങ്ങനെ?

## VII. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 8

1. 18, 19 നൂറ്റാണ്ടുകളിലെ കേരളീയ സമൂഹം എങ്ങനെയുള്ളതായിരുന്നു?
2. ചട്ടമ്പിസ്വാമികളുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിച്ചത് എങ്ങിനെ? വിവരിക്കുക.
3. ചട്ടമ്പിസ്വാമികളുടെ 'മഹാസമാധി'യെ കുറിച്ചു വിശദമാക്കുക.